LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാർട്ടപ്പ് വ്യവസായം

244 (611) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പ് വ്യവസായ രംഗത്ത് സംരംഭകത്വ മൂലധനം (വെഞ്ചർ ക്യാപിറ്റൽ ഫണ്ട്) ആകർഷിക്കുന്നതിൽ പരാജയം സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) സ്റ്റാർട്ടപ്പ് നിക്ഷേപത്തിന്റെ കാര്യത്തിൽ കേരളത്തിന് നിലവിൽ എത്രാമത് സ്ഥാനമാണ് ;

(സി) സംസ്ഥാനത്തെ സൈബർ പാർക്ക്, ഇൻഫോ പാർക്ക്, ടെക്നോപാർക്ക് എന്നിവിടങ്ങളിലെല്ലാം സ്റ്റാർട്ടപ്പ് വില്ലേജുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ; സ്റ്റാർട്ടപ്പ് രംഗത്ത് സംസ്ഥാനത്തെ മൂന്ന് ഐ.ടി ഡസ്റ്റിനേഷനുകളിലും നിക്ഷേപകരെ ആകർഷിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി യുവ സംരംഭകരെയും നിക്ഷേപകരെയും സംസ്ഥാനത്തേക്ക് ക്ഷണിക്കുന്നതിനാവശ്യമായ എന്ത് നടപടി സ്വീകരിച്ചു ; വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) അത്തരത്തിൽ ഒരു റാങ്കിംഗ് ഉള്ളതായി വിവരം ലഭ്യമല്ല.

(സി) കളമശ്ശേരിയിലെ ടെക്നോളജി ഇന്നവേഷൻ സോൺ ഒരു പൂർണ്ണതോതിലുള്ള ഇന്നവേഷൻ ഹബ്ബായി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. അന്തർദ്ദേശീയ നിലവാരമുള്ള വിവിധ വിഭാഗം സാങ്കേതിക ഇങ്കുബേറ്ററുകൾ സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കുകയാണ് ലക്ഷ്യം. നൂതനമായ ആശയങ്ങൾ, അവയ്ക്ക് ഇങ്കുബേഷൻ നൽകി മെന്റർ സഹായം നൽകി വെഞ്ചർ ഫണ്ട് ലഭ്യമാകത്തക്ക വിധം മികച്ച കമ്പനിയാക്കി മാറ്റുവാനുള്ള എല്ലാ സംവിധാനങ്ങളും ലഭ്യമായ കേന്ദ്രീകൃത സ്ഥാപനം ആക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

സ്റ്റാർട്ടപ് മോഡ്യൂളുകൾ, ഉന്നത നിലവാരമുള്ള ഫാബ്രിക്കേഷൻ ലാബുകൾ ഗവേഷണ വികസന ലബോറട്ടറി സൗകര്യങ്ങൾ, വാണിജ്യ കാര്യാലയങ്ങൾ, വിശ്രമ സ്ഥലങ്ങൾ, താമസ ജോലി സൗകര്യങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഇതിലുണ്ടാവും. നിലവിൽ അവിടെ രാജീവ് ഗാന്ധി ബയോടെക്നോളജി സെന്ററിന്റെ ബയോടെക് ഇങ്കുബേഷൻ സെന്റർ സ്റ്റാർട്ടപ് വില്ലേജിന്റെ ടെലികോം ഇങ്കുബേഷൻ സെന്റർ എന്നിവ പ്രവർത്തിക്കുന്നു.

5 ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള കെട്ടിട സമുച്ചയമാണ് നിർമ്മിച്ചു കൊണ്ടിരിക്കുന്നത്.

അന്തർദ്ദേശീയ സമ്മേളനങ്ങൾ, എക്സിബിഷനുകൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുവാനുള്ള സൗകര്യങ്ങൾ ഇവിടെ ഉണ്ടായിരിക്കുന്നതാണ്.

സൈബർ പാർക്കിൽ സ്റ്റാർട്ടപ്പിന് സ്ഥലം ലഭ്യമാക്കുന്നതാണ്. ഇൻഫോപാർക്ക്, ടെക്നോപാർക്ക് എന്നിവിടങ്ങളിൽ സ്റ്റാർട്ടപ്പുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കേരളാ സ്റ്റാർട്ടപ് മിഷൻ ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരം ടെക്നോപാർക്കിൽ 15498 ചതുരശ്ര അടി സ്ഥല സൗകര്യം കേരളാ സ്റ്റാർട്ടപ് മിഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. കേരളാ സ്റ്റാർട്ടപ് മിഷന്റെ ടെക്നോളജി ഇങ്കുബേഷൻ സെന്ററും സ്ഥാപനത്തിന്റെ ഓഫീസും അവിടെയാണ് പ്രവർത്തിക്കുന്നത്. ടെക്നോളജി രംഗത്തുള്ള സ്റ്റാർട്ടപ് കമ്പനികൾക്ക് ഇങ്കുബേഷൻ നൽകുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും അവിടെ ഒരുക്കിയിട്ടുണ്ട്. 41 കമ്പനികൾക്ക് നിലവിൽ ഇങ്കുബേഷൻ നൽകിവരുന്നു. കൂടാതെ കിൻഫ്രയുടെ ഫിലിം ആന്റ് വീഡിയോ പാർക്കിൽ 1800 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ബിസിനസ് ആക്സിലറേറ്ററും Earnest & Young-മായി സഹകരിച്ച് സ്ഥാപിച്ചിട്ടുണ്ട്. ഇൻഫോപാർക്കിൽ NASSCOM-മായി സഹകരിച്ച് 6500 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു വെയർഹൗസ് സ്ഥാപിച്ചിട്ടുണ്ട്. സ്റ്റാർട്ടപ് മേഖലയിൽ നിക്ഷേപിക്കാൻ താത്പര്യമുള്ള പ്രവാസി സംരംഭകർക്കായി ഇൻഫോപാർക്കിൽ എൻ.ആർ.ഐ.ടി.ബി.ഐ. എന്ന സ്ഥാപനവും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇൻഫോപാർക്കിന്റെ കല്പറ ടെക്നോളജി ബിസിനസ് ഇങ്കുബേഷൻ സെന്ററിനായി 25874 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കളമശ്ശേരി ടെക്നോളജി ഇന്നവേഷൻ സോണിൽ സ്റ്റാർട്ടപ് വില്ലേജിന് അനുവദിച്ചിട്ടുള്ളത് 22000 ചതുരശ്ര അടിയാണ്.

കളമശ്ശേരി ടെക്നോളജി ഇന്നവേഷൻ സോണിൽ 42721 ചതുരശ്ര അടി രാജീവ് ഗാന്ധി ബയോടെക്നോളജി സെന്ററിന്റെ ബയോടെക്നോജി ഇങ്കുബേഷൻ സെന്ററിന് അനുവദിച്ചിട്ടുണ്ട്. IIITMK-യുടെയും സ്റ്റാർട്ടപ് വില്ലേജിന്റെയും സംയുക്ത സംരംഭമായ ഇലക്ട്രോണിക് ഇങ്കുബേറ്ററിന് കളമശ്ശേരി ടെക്നോളജി ഇന്നവേഷൻ സോണിൽ 25000 ചതുരശ്ര അടി സ്ഥലം അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരം ആകെ 1,42,393 ചതുരശ്ര അടി സ്ഥലം സ്റ്റാർട്ടപ് ഇങ്കുബേഷനുവേണ്ടി സർക്കാർ മേഖലയിൽ സംസ്ഥാനത്ത് ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly